എഡിറ്റോറിയൽ

ഒക്ടോബർ 2015

എഡിറ്റർ

ജോർജ്ജ് കാടൻകാവിൽ



# നോക്കടാ മണിക്കുറേ, തീർത്തു ഞാൻ നിന്റെ ആറെണ്ണം!

മകൻ വിവാഹം കഴിഞ്ഞ് ഭാര്യാസമേതം അമേരിക്കയിലേക്ക് ചേക്കേറി. മകൾ CA ആദ്യ പരീക്ഷയിൽ തന്നെ പാസ്സായി ബാംഗ്ളൂരിൽ ജോലിക്ക് ചേർന്നു. ഭാര്യക്ക് അസുഖമാണെങ്കിലും, ആശുപത്രിയും മരുന്നും ചികിത്സയുമായി ബെത്‌ലെഹമിലെ അത്യാവശ്യ ജോലികൾ ചെയ്ത് കൂടെയുണ്ട്. അടുക്കളപണികൾ ചെയ്യാൻ പഠിച്ചതിന്റെ അഹങ്കാരം ഒന്നും ഇല്ലെങ്കിലും, ഇത് വേണ്ടി വരും എന്നു മുൻകൂട്ടി മനസ്സിലാക്കിയതിന്റെ ആശ്വാസവുമായി, ഒഴിവാക്കാനാവാത്ത വാർദ്ധക്യത്തെ വരവേൽക്കാൻ ഞാൻ കാലേകൂട്ടി തയ്യാറെടുത്തിരിക്കുകയാണ്.

അപ്പോഴാണ് ഒരു അപ്പച്ചന്റെ ഫോൺ. "മക്കളെല്ലാം വിദേശത്താണ്, വീട്ടിൽ ആകെ നിശ്ശബ്ദതയാണ്, ഭാര്യയുമായി ഏതു കാര്യത്തെക്കുറിച്ച് സംസാരിച്ചാലും അത് വഴക്കിലും കരച്ചിലിലും മാത്രമേ അവസാനിക്കൂ, ജീവിതം ബോറടിച്ച് ദുഃസ്സഹമായിരിക്കുന്നു, ബെത്‌ലെഹമിൽ ഒരു ജോലി തരുമോ?" എന്നു ചോദിച്ചാണ് അച്ചായൻ വിളിച്ചിരിക്കുന്നത്.

അച്ചായാ ഞാൻ ഭംഗി വാക്കു പറയണോ, അതോ ആത്മാർത്ഥമായ മറുപടി പറയണോ? സാറ് ആത്മാർത്ഥമായി പറഞ്ഞാൽ മതി.

അച്ചായന് സമയം കൊല്ലാനാണ് ഇപ്പോൾ ഒരു ജോലിയുടെ ആവശ്യം. എന്നാൽ, ഒരു സ്ഥാപനത്തിന്റെ ആവശ്യം, അവിടുത്തെ ചിട്ടപ്രകാരമുള്ള പണികൾ നടന്നു കിട്ടുക എന്നതാണ്. ആ പണികൾ പഠിച്ചെടുക്കാനും, അത് ഏറ്റവും വേഗത്തിൽ ഫലപ്രദമായി ചെയ്തെടുക്കാൻ കഴിവും, മനസ്സും, ആവശ്യവും ഉണ്ടെന്ന് തൊഴിലുടമയെ ബോദ്ധ്യപ്പെടുത്തുന്ന ആളിനെയാണ് അവിടെ ജോലിക്ക് നിയമിക്കുക. ജോലിക്ക് പ്രതിഫലം പണമായി നൽകി സമയബന്ധിതമായി കണക്ക് തീർത്തു വെക്കേണ്ടത് സ്ഥാപനത്തിന്റെ നിയമപരമായ ബാദ്ധ്യതയാണ്.

കൂലി അത്യാവശ്യമല്ലാത്ത ഒരാളെ ജോലിക്കു നിയമിക്കുന്നത് മറ്റ് പല കാരണങ്ങൾ കൊണ്ടും ആശാസ്യമല്ല. അതിനാൽ അച്ചായൻ ജോലി അന്വേഷിക്കുന്നെങ്കിൽ, അച്ചായനെ എന്തു തൊഴിൽ ചെയ്യാൻ കൊള്ളാം എന്നും, ആ തൊഴിലിൽ അച്ചായനെ നിയമിക്കുന്നതു കൊണ്ട് ആ സ്ഥാപനത്തിന് എന്തു മെച്ചം ലഭിക്കും എന്നും ഒരു അവലോകനം നടത്തി, അത് വിശദീകരിച്ചു കൊണ്ടു വേണം തൊഴിലിനപേക്ഷിക്കാൻ. ആ തൊഴിലിൽ നിന്നും എത്ര വരുമാനം ലഭിക്കണം എന്നും ആ വരുമാനം വിനിയോഗിക്കാൻ വ്യക്തമായ ഉദ്ദേശമുള്ള ഒരു പ്രായോഗിക പദ്ധതിയും അച്ചായനുണ്ടായിരിക്കണം.

ഇനി ഒരു Resume തയ്യാറാക്കുക. അച്ചായന്റെ ദീർഘനാളത്തെ എക്സ്പീരിയൻസ് എല്ലാം കൂടി എഴുതുന്നതിനു പകരം, പറ്റിയ ഒരു സ്ഥാപനം തിരഞ്ഞെടുത്ത ശേഷം, അവിടെ ഉപയോഗിക്കാവുന്ന ഉചിതമായ പ്രവർത്തി പരിചയവും അഭിരുചിയും താല്പര്യവും മാത്രം Resume ൽ ചേർക്കുക. ഒരു ക്ളാർക്കിന്റെ പണി ചെയ്യാൻ ഒരു റിട്ട. ജനറൽ മാനേജരെ നിയമിക്കാനാവില്ല. ജനറൽ മാനേജരായിരുന്ന ആൾക്ക് ക്ളാർക്കിന്റെ ശമ്പളം കൊടുക്കാനും സാധിക്കില്ല. അപ്പോൾ ഒരു പുതിയ തൊഴിലാളിയുടെ മനോഭാവവും കാഴ്ചപ്പാടും സ്വീകരിക്കുക എന്നതാണ് പോംവഴി.

If you are looking for a job, You need to sell your specific services for money. Job satisfaction, engagement, public relations, contacts, etc. are complimentary benefits.

ഉദാഹരണത്തിന് - ഒരു അങ്കിളിന്റെ സ്ഥാനത്തു നിന്ന് ഇവിടുത്തെ പിള്ളേരുടെ കല്യാണക്കാര്യം പറയാനും, മാതാപിതാക്കളെ അനരഞ്ജിപ്പിക്കാനും, ആശ്വസിപ്പിക്കാനും, മീഡിയേറ്ററുടെ റോളു വഹിക്കാനും സാധിക്കും. അതിനു വേണ്ട കംപ്യൂട്ടർ പരിജ്ഞാനവും, കമ്യൂണിക്കേഷൻ സ്കിൽ - ഉം എനിക്കുണ്ട്. ഇവിടുത്തെ പ്രവർത്തി സമയം എനിക്ക് പാലിക്കാൻ കഴിയും, നിലവിലുള്ള പ്രതിഫല നിരക്ക് സ്വീകാര്യമാണ് എന്ന് പറയുന്ന ഒരു ആളിനെ

www.BethlehemMatrimonial.com

യായിരിക്കും ഞാൻ  ഇവിടെ ജോലിക്ക് പരിഗണിക്കുക. പലതരം പോസ്റ്റർ വിൽക്കുന്ന ഒരു കടയിൽ ഒരു പോസ്റ്റർ ശ്രദ്ധിക്കാനിടയായി, “If you have NOTHING to do - don’t do it HERE” എന്നായിരുന്നു അതിലെ വാചകം. സമയം കൊല്ലാൻ ശ്രമിക്കുന്ന വേറെയുംധാരാളം ആളുകൾ പണ്ടു മുതലേ ഉള്ളതു കൊണ്ടായിരിക്കുമല്ലോ ഇങ്ങനൊരു പോസ്റ്റർ വിപണിയിൽ വന്നത്.

അച്ചായന്റെ യഥാർത്ഥ ആവശ്യം ഒരു ജോലിയല്ല, You need some quality time and a little space as your own ഉള്ള  സമയം  തൃപ്തികരമായി  വിനിയോഗിക്കാൻ  രണ്ടേ രണ്ട് കാര്യങ്ങളേ  ചെയ്യേണ്ടതുള്ളു. ആകാര്യങ്ങൾ മനസ്സിലാക്കിയെടുത്താൽ ഒറ്റ നിമിഷം കൊണ്ട് അച്ചായന്റെ പ്രശ്നത്തിന് പരിഹാരമാകും.

**ഒന്ന് – മനോഭാവം മാറ്റുക.**

രോഗവും പീഢകളും വിഷമങ്ങളും പ്രയാസങ്ങളും ഒക്കെ വരുമ്പോൾ, അതെല്ലാം എണ്ണിയെണ്ണി പറഞ്ഞ് പരിതപിക്കുകയും, പരാതിപ്പെടുകയും ചെയ്യുന്നവരാണ് ഭൂരിപക്ഷം മനുഷ്യരും.

സ്വന്തം പീഢകളെക്കുറിച്ച് തമാശകൾ പറഞ്ഞ് ചിരിക്കുകയും, കൂടെയുള്ളവരെ ചിരിപ്പിക്കുകയും ചെയ്യുന്ന ഒരു സഹോദരി എനിക്കുണ്ട്. കൂനിന്മേൽ കുരു എന്നു പറയുന്ന പോലെ വയ്യായ്മകളുടെ കൂമ്പാരം പേറി നടക്കുമ്പോഴും കുടുംബത്തിലെ ചടങ്ങുകൾക്കെല്ലാം വല്ല നിവർത്തിയും ഉണ്ടെങ്കിൽ വന്നെത്തി സന്തോഷം പങ്കു വെയ്ക്കുന്ന ഈ പെങ്ങളെ “കടും വെട്ട്” എന്ന് ഞാനൊരിക്കൽ വിശേഷിപ്പിച്ചു.

കടും വെട്ടോ? അതെന്നതാടാ? എന്നായി മറു ചോദ്യം. അത് പെങ്ങളേ, ഈ റബർ മരങ്ങൾ വളർച്ചയെത്തി പാല് തീരാറാകുമ്പോൾ, തലങ്ങും വിലങ്ങും വെട്ടി ഉള്ള പാലു മുഴുവൻ  ഊറ്റിയെടുത്തിട്ട് തടി വെട്ടാൻ കച്ചവടം ചെയ്യുന്ന പരിപാടി . . . “Slaughter Tapping” . . .

അമ്പട ഭയങ്കരാ, നീയെന്നെ കടും വെട്ടാക്കി അല്ലേ? എന്നാലും നിന്റെ ഉപമ കൊള്ളാം. ശരിക്കും ഒരു കടും വെട്ടു തന്നെയാ ഞാനിപ്പോൾ. പക്ഷേ ഈ തടി ഞാൻ ആർക്കും വെട്ടാൻ കൊടുക്കത്തില്ലടാ, മറിഞ്ഞു വീണശേഷം മാത്രം വെട്ടിക്കൊണ്ടു പോയാൽ മതി.

ശരീരത്തിന്റെ പലഭാഗത്തായി തലങ്ങും വിലങ്ങും എട്ടോ പത്തോ സർജറികൾ നടത്തിയിട്ടുണ്ട് എന്ന്പറഞ്ഞപ്പോൾ മനസ്സിൽ വന്ന ചിത്രം Slaughter Tapping ചെയ്യുന്ന റബർ മരത്തിന്റേതായിരുന്നു. അതുകൊണ്ടാണ് ഞാൻ കടുംവെട്ട് എന്ന് വിളിച്ചത്. അതുകൂടാതെ, പ്രഷർ, ഷുഗർ, ഹാർട്ട് തുടങ്ങി പ്രശസ്തരായ ഒരു പിടി സഹചാരികളും ചേച്ചിക്ക് കൂട്ടിനുണ്ട്. ആയുസ്സിൽ ഒരു നാനൂറ് ദിവസം എങ്കിലും ആശുപത്രിയിൽ കിടന്നിട്ടുണ്ടാവണം. പലവട്ടം അത്യാസന്നനിലയുടെ അടുത്തു വരെ ചെന്ന് വേണ്ടപ്പെട്ടവരെ എല്ലാം വിളിച്ച് വരുത്തിയിട്ടുണ്ട്. എങ്കിലെന്താ? ചേച്ചി ഇപ്പോഴും നല്ല പ്രസരിപ്പിലാണ്. പിച്ചവെച്ചും, പ്രാഞ്ചി പ്രാഞ്ചി നടന്നും ദിവസവും അഞ്ചാറു മണിക്കൂർ വീട്ടിലെ പണികളും പാചകവും തട്ടിക്കൂട്ടി ഒപ്പിച്ചെടുക്കും, എന്നിട്ട് നടുവിന് കൈ കൊടുത്ത് ക്ളോക്കിൽ നോക്കി പറയും  “നോക്കടാ മണിക്കൂറേ, തീർത്തൂ ഞാൻ നിന്റെ ആറെണ്ണം”

“മനോഭാവത്തിന്റെ അത്യുന്നതാവസ്ഥ” എന്താണെന്നു മനസ്സിലാക്കാൻ ഈ പെങ്ങളുടെ കൂടെ അരമണിക്കൂർ ചിലവഴിച്ചാൽ മതി. സ്വന്തം മക്കളില്ലെങ്കിലെന്താ, കുടുംബത്തിലെ മക്കളെല്ലാം തരം കിട്ടുമ്പോഴൊക്കെ ഈ പെങ്ങളുടെയും അളിയന്റെയും കൂടെ സമയം ചിലവഴിക്കാനെത്തും.

**രണ്ട് – കാഴ്ചപ്പാട് മാറ്റുക.**

തമാശ പറയുന്നതും, കേൾക്കുന്നതും പൊട്ടിച്ചിരിക്കുന്നതും ഒക്കെഉള്ളിലെ ഭയവും വിഷമങ്ങളും വേദനകളും ലഘൂകരിക്കാൻ വളരെ നല്ലതാണ്. ഐൻസ്റ്റയിനെ കുറിച്ച് ഒരു കഥകേട്ടിട്ടുണ്ട്. അദ്ദേഹം തന്നെ കാണാൻവരുന്നവരോട്ചില തമാശകഥകൾ പറയുമായിരുന്നു. കഥകേട്ട് ചിരിച്ച് ഉള്ളിലെ പിരിമുറുക്കം അയഞ്ഞശേഷമാണ് അദ്ദേഹം ഗൗരവമുള്ള കാര്യങ്ങൾ സംസാരിച്ചിരുന്നതത്രെ. സന്ദർശകരോട് കുശല പ്രശ്നം നടത്തി, ഐൻസ്റ്റയിൻ കഥപറയാൻ തുടങ്ങുന്ന ഉടനെ ഐൻസ്റ്റയിന്റെ ഭാര്യ ഒരു തൂവാലയെടുത്ത് തുന്നാൻ തുടങ്ങും. കാരണം ആ കഥ സന്ദർശകർക്ക് പുതുമയുള്ളതാണെങ്കിലും ഐൻസ്റ്റയിൻ അത് പലരോടായി പറയുന്നത് ഭാര്യ എത്രയോ വട്ടം കേട്ടിരിക്കുന്നു. അതുകൊണ്ട് ഭാര്യയ്ക്ക് ആകഥ ബോറടിക്കും.

അച്ചായന്റെ ഭാര്യക്കും ബോറടിക്കുന്നുണ്ടാവും. പണ്ട് പറഞ്ഞതു തന്നെ ആയിരിക്കും നിങ്ങൾ ഇപ്പോഴും വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. പറയുന്ന കാര്യങ്ങൾ വ്യത്യസ്തമായിരിക്കാം പക്ഷേ ശൈലി പഴയതു തന്നെ ആയിരിക്കും. അതു കൊണ്ടാണ് അച്ചായനും ബോറടിക്കുന്നത്. ഒരാൾക്ക് ബോറടിച്ചാൽ അയാൾ തിരിച്ചടിക്കും. തൂവാലതുന്നുന്നതു കണ്ട് ഐൻസ്റ്റയിൻ തിരിച്ചടിച്ചിട്ടുണ്ടാവില്ല. ആ സിഗ്നൽ അംഗീകരിച്ച് അഭിനന്ദിച്ച് ആംഗ്യം കാണിച്ചിരിക്കാനാണ് സാദ്ധ്യത.

ഇനി അച്ചായന്റെ ഭാര്യ ബോറടിയുടെ ലക്ഷണം പ്രകടിപ്പിച്ചാൽ അത് അംഗീകരിക്കുക. എന്നിട്ട് വിഷയം മാറ്റുക അല്ലെങ്കിൽ സോറി പറഞ്ഞ് ശൈലി മാറ്റി വീണ്ടും പറയുക.

ചിലപ്പോൾ ഭാര്യയുടെ സംഭാഷണം അച്ചായന് ബോറടിക്കും. അപ്പോൾ അച്ചായന്റെ സ്ഥിരം പ്രതികരണത്തിനു പകരം അവരുടെ സംഭാഷണത്തെ പുച്ഛിക്കാത്ത പുതുമയുള്ള ഒരു പ്രതികരണം കണ്ടുപിടിക്കുക. ഇത്തരം സർഗ്ഗവാസനകൾ ഒന്നും കയ്യിലില്ല, ഉള്ളത് ഫലിക്കുന്നും ഇല്ലായെങ്കിൽ നിങ്ങളെപ്പോലെ കൊല്ലാൻ സമയം മിച്ചം ഉള്ളവരുടെ കൂട്ടായ്മകൾ രൂപപ്പെടുത്താവുന്നതാണ്.

എന്റെ സ്വപ്നവും അടുത്ത ലക്ഷ്യവും അതാണ്. കാഴ്ചപ്പാടുകൾ മാറ്റാൻ സഹായിക്കുന്ന ആശയങ്ങൾ കൂട്ടായ ചിന്തയിലൂടെ രൂപപ്പെടുത്തി എടുക്കാൻ സമാന മനസ്കരുടെ ഒരുകൂട്ടായ്മ. ഒരു പകൽ വീട്. അച്ചായന് വേണമെങ്കിൽ തനിച്ചോ ഭാര്യാ സമേതമോ ഇതിൽ പങ്കുചേരാം.

**ജോർജ്ജ് കാടൻകാവിൽ, ഡയറക്ടർ ബെത്‌ലെഹം**

**9249392518**

More Articels : http ://www.bethlehemmatrimonial.com/editorial.html